# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5427** **18/11/2019-ൽ മറുപടി നൽകേണ്ടത്**

## പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേടുകൾ ഒഴിവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എം.വിൻസെന്റ് | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ആസൂത്രണ ബോർഡിലെ ചീഫ് സോഷ്യൽ സർവ്വീസ്, പ്ലാൻ കോർഡിനേഷൻ, വികേന്ദ്രീകരണ പ്ലാനിംഗ് എന്നീ തസ്തികകളിലേക്ക് പി.എസ്.സി. നിയമനം നടത്തുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | രണ്ടു തസ്തികകളിലെ നിയമനം തടഞ്ഞിട്ടുണ്ട്. ആസൂത്രണ ബോർഡിലെ ചീഫ് നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി. സൗമ്യ പി.ജെ. OA No.2200/2019 നമ്പറായും, ശ്രീ.ഉമർകോയ & അദേഴ്സ്, OA No.2201/2019 നമ്പറായും, ശ്രീ.രാകേഷ് എ. & അദേഴ്സ് OA No.2202/2019 നമ്പറായും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ഒരു പ്രത്യേക സർവ്വീസ് സംഘടനയിൽപ്പെട്ട പ്രവർത്തകർക്ക് ചട്ടവിരുദ്ധമായി അഭിമുഖത്തിൽ മാർക്ക് നൽകിയെന്നും യോഗ്യരായ മറ്റ് ഉദ്യോഗാർത്ഥികളെ മന:പൂർവ്വം ഒഴിവാക്കിയെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം വസ്തുതാപരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള പരാതി ലഭിച്ചിട്ടില്ല. ഇന്റർവ്യൂവിന് മാർക്ക് നൽകുന്നത് ഇന്റർവ്യൂ ബോർഡിന്റെ അധികാര പരിധിയിൽപെട്ടതാണ്. |
| (സി) | പി.എസ്.സി. പരീക്ഷകളിൽ നടക്കുന്ന ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും നിയമനം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഭരണഘടനാപരമായ സ്വതന്ത്ര സ്ഥാപനമാണ് പബ്ലിക് സർവീസ് കമ്മീഷൻ. പരീക്ഷ നടത്തിപ്പിനും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തിരഞ്ഞെടുക്കുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷനിൽ കുറ്റമറ്റതായ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ